# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4056

16.05.2017-ൽ മറുപടിക്ക്

**ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.യു. ആർ. പ്രദീപ് | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) 2016-17 ലെ പദ്ധതി തുക 100% ചെലവഴിച്ച എത്ര ഗ്രാമപഞ്ചായത്തുകൾ സംസ്ഥാനത്തുണ്ട്; അവ ഏതെല്ലാമാണ്; പേരുവിവരം വ്യക്തമാക്കാമോ; | എ) 6 ഗ്രാമപഞ്ചായത്തുകൾ.<br>അരൂക്കുറ്റി, മുത്തോലി, മുളംതുരുത്തി, വാളകം, മാറാടി, ചെമ്പിലോട്. |
| ബി) ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ? | ബി) ഗ്രാമ പഞ്ചായത്തുകളുടെ 2016-17 വാർഷിക പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. ജില്ലാ തലത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും സംസ്ഥാന തലത്തിൽ പഞ്ചായത്ത് ഡയറക്ടറും പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണത്തിൽ ഉണ്ടാകുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് കോ-ഓർഡിനേഷൻ കമ്മിറ്റിയും പ്രത്യേകം യോഗം ചേർന്ന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ സമയബന്ധിതമായി പദ്ധതിരൂപീകരണം പൂർത്തിയാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ